# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

നം. ഡി.ആർ I (1) 5681/13/ഗ.വി.

തിരുവനന്തപുരം
തീയതി: 17.08.2013

## തിരുത്തൽ വിജ്ഞാപനം

വിവിധ വകുപ്പുകളിലെ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയുടെ നേരിട്ടുള്ള നിയമനത്തിനായുള്ള തെരെഞ്ഞെടുപ്പ് വിജ്ഞാപനം 31.07.2013 തീയതിയിലെ ഗസറ്റിൽ കാറ്റഗറി നമ്പർ 218/13 ആയി പ്രസിദ്ധീകരിച്ചിരുന്നു. ടി വിജ്ഞാപനത്തിലെ മലയാളം പതിപ്പിൽ ക്രമ നമ്പർ 7 നു കീഴിലെ കുറിപ്പ് താഴെപ്പറയും പ്രകാരം പരിഷ്ക്കരിച്ചിരിക്കുന്നു.

**കുറിപ്പ്:-** സെക്രട്ടേറിയറ്റ്, കേരള പബ്ലിക് സർവീസ് കമ്മീഷൻ എന്നീ ആഫീസുകൾ ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിൽ ജോലി നോക്കുന്നവരും എസ്.എസ്.എൽ.സി ജയിച്ചവരുമായ ടൈപ്പിസ്റ്റുകൾക്ക് അപേക്ഷാ തീയതിയിൽ മൊത്തം നാലുവർഷത്തിൽ കുറയാത്ത സർവീസുള്ള പക്ഷം ഈ വിജ്ഞാപനപ്രകാരം ലോവർ ഡിവിഷൻ ക്ലാർക്ക് ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്. അവർക്ക് പരമാവധി പ്രായപരിധി 40 (നാൽപ്പത്) വയസ്സ് ആയിരിക്കുന്നതാണ്. പിന്നോക്ക വിഭാഗങ്ങൾക്ക് മൂന്നു വർഷവും പട്ടിക ജാതി/പട്ടിക വർഗ്ഗക്കാർക്ക് അഞ്ച് വർഷവും പരമാവധി പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. ഈ വിഭാഗത്തിൽപ്പെട്ടവർക്ക് സംവരണാനുകൂല്യം ലഭിക്കുന്നതല്ല. ബന്ധപ്പെട്ട ആഫീസ്/വകുപ്പ് മേധാവിയിൽ നിന്നും തങ്ങൾ ഏതു സർവ്വീസിൽ ഉള്ളവരാണെന്നും എന്ത് മാത്രം സർവ്വീസ് ദൈർഘ്യം ഉണ്ടെന്നും തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. (കൂടുതൽ വിവരങ്ങൾക്ക് രണ്ട് വിഭാഗത്തിനുമായി താഴെ ചേർത്തിട്ടുള്ള പൊതു നിബന്ധനകൾ നോക്കുക)

വിജ്ഞാപനത്തിലെ മറ്റ് വ്യവസ്ഥകൾക്ക് മാറ്റമില്ല.

**പി സി ബിനോയ്**
**സെക്രട്ടറി**
**കേരള പബ്ലിക് സർവീസ് കമ്മീഷൻ**